കേരള സർക്കാർ 							രജി. നമ്പർ. KL/TV(N) 12/2003-2005

# കേരള ഗസറ്റ്
## അസാധാരണം
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

വാല്യം 50 		തിരുവനന്തപുരം 	2005 മെയ് 21 		നമ്പർ 1142
ശനി

---

## പ്രഖ്യാപനം

നമ്പർ എൽ.ആർ.സി. 7-18226/2005 							2005 മേയ് 17

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച 1894-ലെ സ്ഥലമെടുപ്പ് ആക്ട് (1894-ലെ 1-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള 31-5-2004-ാം തീയതിയിലെ എ61/2003 നമ്പർ വിജ്ഞാപനം 3-6-04-ലെ 1180 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും ;

1894-ലെ സ്ഥലമെടുപ്പ് ആക്ട് (1894-ലെ 1-ാം കേന്ദ്ര ആക്ട് 17-ാം വകുപ്പിലെ (4)-ാം ഉപ വകുപ്പു പ്രകാരം ഇക്കാര്യത്തിൽ സംഗതിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് പ്രസ്തുത ആക്ടിലെ 5(എ) വകുപ്പിലെ വ്യവസ്ഥകൾ താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമിക്ക് ബാധകമാകുന്നതല്ലെന്ന് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിരിക്കുന്നതിനാലും ;

പ്രസ്തുത ഭൂമി ഒരു പൊതുക്കാര്യത്തിനായി പൊന്നും വിലയ്ക്ക് എടുക്കേ താണെന്ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് ബോദ്ധ്യം വന്നിരിക്കുന്നതിനാലും

ഇപ്പോൾ അതിനാൽ ആക്ട് 6-ാം വകുപ്പു പ്രകാരം കേരള സർക്കാർ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.2388 ഹെക്ടർ (എൽ.എ. ബ്ലോക്ക്-6) അല്ലെങ്കിൽ അതിൽ അൽപ്പം കൂടുതലോ കുറവോ വ്സിതീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷനു വേ ി എൻ.എച്ച് 47-ൽ നിന്നും കിൻഫ്രയുടെ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ഏരിയയിലേയ്ക്ക് പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റോഡിനുവേ ി ആവശ്യമു ന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത ആക്ട് 7-ാം വകുപ്പു പ്രകാരം ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനുള്ള ഉത്തരവ് വാങ്ങുന്നതിന് പാലക്കാട് എൽ.എ. കിൻഫ്രം സ്പെഷ്യൽ തഹസീൽദാരോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. തുടർന്ന് ആക്ടിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള അറിയിപ്പ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 1 ദിവസം കഴിയുമ്പോൾ പ്രസ്തുത ആക്ടിലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം കളക്ടർക്ക് വസ്തു കൈവശപ്പെടുത്താവുന്നതാണെന്നും സർക്കാർ നിർദ്ദേശിക്കുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസീൽദാർ എൽ.എ. കിൻഫ്രം പാലക്കാട് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അതു പരിശോധിക്കാവുന്നതാണ്.

<u>**പട്ടിക**</u>

ജില്ല - പാലക്കാട്
താലൂക്ക് - പാലക്കാട്
എൽ.എ ബ്ലോക്ക് നമ്പർ -6
വില്ലേജ് - പുതുശ്ശേരി ഈസ്റ്റ്
റീ സർവ്വെ ബ്ലോക്ക് നമ്പർ -33

| ക്രമ നമ്പർ | പഴയ സർവ്വെ സബ് ഡിവിഷൻ നമ്പർ | പുതിയ സർവ്വെ സബ് ഡിവിഷൻ നമ്പർ | തരം | അക്വയർ ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|---|
| 1 | 523/1 | 523/7 | പുരയിടം | 0.0263 |
| 2 | 523/4 | 523/4 | നിലം | 0.0280 |
| 3 | 523/6 | 523/11 | നിലം | 0.0145 |
| 4 | 523/2 | 525/9 | പുരയിടം | 0.1700 |
| | | | ആകെ | 0.2388 |

ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
തിരുവനന്തപുരം

(ഒപ്പ്)
ഡെപ്യൂട്ടി കമ്മീഷണർ